**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1910** | **08-02-2023 - ൽ മറുപടിയ്ക്ക്**

**പക്ഷിപ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ എ കെ എം അഷ്റഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ പല ഭാഗത്തും പക്ഷിപ്പനി പടർന്ന് പിടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | **ഉണ്ട്.** |
| (ബി) | പക്ഷിപ്പനി പടരുന്നത് തടയുന്നതിനായി കോഴി, താറാവ്, മറ്റ് പക്ഷികൾ എന്നിവയെ കൊല്ലേണ്ടതായി വന്നിട്ടുണ്ടോ; എങ്കിൽ ഇത് മൂലം ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | **ഉണ്ട്.**<br><br>**കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന് 1 കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ പക്ഷി വർഗ്ഗത്തെയും ശാസ്ത്രീയമായി കൊന്നൊടുക്കി മറവ് ചെയ്യുന്നു. 2022 സെപ്റ്റംബർ 30 വരെയുള്ള നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരങ്ങൾ കർഷകർക്കു നൽകി കഴിഞ്ഞു. തുടർന്നുള്ള നാശനഷ്ടങ്ങളുടെ കണക്കുകൾ ക്രോഡീകരിച്ചു വരുന്നു.** |
| (സി) | പക്ഷിപ്പനി തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | **പക്ഷിപ്പനി തടയുന്നതിന് ദേശാടന പക്ഷികൾ ഉൾപ്പെടെയുള്ള പക്ഷികളിൽ രോഗനിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. കോഴിഫാമുകളുടെ ജൈവസുരക്ഷ ശക്തിപ്പെടുത്തുകയും രോഗബാധിതപ്രദേശങ്ങൾ അണുവിമുക്തമാക്കുകയും ചെയ്യുന്നതോടൊപ്പം ഫീൽഡ്തല ഉദ്യോഗസ്ഥർ കൂടുതൽ ജാഗ്രത പുലർത്താനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പക്ഷിപ്പനി പടരുന്നത് നിയന്ത്രിക്കുന്നതിനായി കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ പക്ഷി വർഗ്ഗത്തെയും ശാസ്ത്രീയമായി കൊന്നൊടുക്കി മറവ് ചെയ്യുക; അതോടൊപ്പം രോഗബാധിത പ്രദേശത്തെ പക്ഷികളുടെ മുട്ടകൾ, തീറ്റ എന്നിവ ശാസ്ത്രീയമായി നശിപ്പിക്കുക എന്നീ നടപടികൾ സ്വീകരിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ